പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3322 | 09-04-2013 - ൽ മറുപടിക്ക് |
|---|---|

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉയർത്തുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പ്രത്യേക പദ്ധതികൾ ഇല്ല. എന്നാൽ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനുമായി അദ്ധ്യാപക പരിശീലനവും, വിദ്യാർത്ഥികളുടെ പഠനാനന്തരം തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു.<br>വൊക്കേഷണൽ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ആവശ്യമായ സമഗ്ര പരിഷ്ക്കരണ നിർദ്ദേശങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുമായി പ്രൊഫ.പി.ഒ.ജെ. ലബ്ബ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി)<br>&<br>(സി)<br>&<br>(ഡി) | പ്രൊഫ. പി.ഒ.ജെ. ലബ്ബ കമ്മിറ്റി സമർപ്പിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ